നമ്പർ.400945/BPRL01/GPO/2023/5243/(2)

വേളം ഗ്രാമ പഞ്ചായത്ത് ആഫീസ്
വേളം
പൂളക്കൂൽ.പി.ഓ
കോഴിക്കോട്
Phone No:04962770109
E-mail:secretaryvelompanchayath@gmail.com

തീയതി : 24/07/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇൻറേണൽ വിജിലൻസ് ഓഫീസർ
സിവിൽ സ്റ്റേഷൻ, കോഴിക്കോട്.

സർ,

വിഷയം:- വാസഗൃഹങ്ങൾ-ഗ്രൂപ്പ് എ1കെട്ടിട നിർമ്മാണനുമതി,മറ്റു വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ആവശ്യമില്ലാത്ത വാസഗൃഹങ്ങളുടെ കെട്ടിട നിർമ്മാണ അനുമതി അപേക്ഷ

സൂചന:- ശ്രീ. ജാബിർ, തൊട്ടുവയിൽ,വേളം പെരുവയൽ എന്നവരുടെ 27/11/2023 തിയ്യതിയിലെ അപേക്ഷ.

വേളം ഗ്രാമപഞ്ചായത്തിലെ വാർഡ് 9 ൽ റീ സർവ്വേ 120/47 ൽ പ്പെട്ട 11.33 ആർ സ്ഥലത്ത് ശ്രീ. ജാബിർ തൊട്ടുവയിൽ, വേളം പെരുവയൽ എന്നവർ 313 ച മീ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായാണ് അപേക്ഷ സമർപ്പിച്ചത്. പ്രസ്തുത അപേക്ഷ 28/11/2023 തിയ്യതി എൽഎസ്ജിഡി സെക്ഷനിലേയ്ക്ക് റിപ്പോർട്ടിനായി കൈമാറിയിട്ടുള്ളതാണ്. 300 ച മീ ന് മുകളിലുള്ള ഫയലായതിനാൽ ഫയൽ റിപ്പോർട്ട് ചെയ്യേണ്ടത് അസിസ്റ്റൻറ് എൻജിനിയറാണ്. വേളം ഗ്രാമപഞ്ചായത്തിൽ 19/08/2023 മുതൽ സ്ഥിരം അസിസ്റ്റൻറ് എൻജിനിയർ ഇല്ലാത്തതിനാലാണ് ഫയലിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത് . ഇക്കാലയളവിൽ 3താല്ക്കാലിക എൻജിനിയർമാരെ നിയമിച്ചിട്ടുണ്ടെങ്കിലും ഫയലിൽ റിപ്പോർട്ട് ചെയ്തിരുന്നില്ല.

നിലവിലെ താല്ക്കാലിക എൻജിനിയറാണ് 17/07/2024 തിയ്യതിയിൽ ടി ഫയലിൽറിപ്പോർട്ട് നൽകിയിട്ടുള്ളത്. ഫയലിൽ അപാകതകൾ ഇല്ലാത്തതിനാൽ പെർമിറ്റ് ഫീസ് ഈടാക്കുന്നതിന് ഫീസ് ഡിമാൻറ് ചെയ്യുകയും ടി വിവരം കക്ഷിയെ ഫോൺമുഖാന്തിരവും കത്തിലൂടെയും അറിയിച്ചിട്ടുമുള്ളതാണ്.

ആയതിനാൽ ഫീസ് അടവാക്കുന്ന മുറയ്ക്ക് പെർമിറ്റ് അനുവദിക്കുന്നതാണ് എന്ന് ബോധിപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by RAFEEQUE C K
Date: 2024.07.24 11:33:04 IST
Reason: ILGMS Govt. of Kerala

റഫീഖ് സി കെ

സെക്രട്ടറി